# എന്റ

# സചിത്ര

# മാന്യൽ

യൂണിറ്റ് - 1 എന്റെ കേരളം

| ആശയങ്ങൾ, ധാരണകൾ | പ്രക്രിയ / പ്രവർത്തനങ്ങൾ | പഠനനേട്ടങ്ങൾ |
|---|---|---|
| * ആശയങ്ങൾ ഇഷ്ടാനുസരണം ഒഴുക്കോടെ ആവിഷ്കരിക്കാനുള്ള ഉപാധിയാണ് ഭാഷ. | * സ്ഥലവിവരണം, കവിത എന്നിവ വായിച്ച് ആശയങ്ങൾ പറയുന്നു. | * കണ്ടതോ കേട്ടതോ വായിച്ചതോ ആയ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയുന്നു. |
| * കവിതകൾ ഈണത്തിലും താളത്തിലും ചൊല്ലി അവതരിപ്പിക്കുന്നത് ആസ്വാദനത്തെ സഹായിക്കും. | * കവിതകൾ ഈണം, താളം പാലിച്ച് ചൊല്ലുന്നു. വരികൾ കൂട്ടിച്ചേർക്കുന്നു. | * കുട്ടിക്കവിതകൾ ഈണം, താളം ഭാവം എന്നിവയോടെ ചൊല്ലി അവതരിപ്പിക്കുന്നു. |
| * ആശയപൂർണമായ വാക്യങ്ങൾ നിർമ്മിക്കുന്നതിന് അനുയോജ്യമായ പദസംയോജനം ആവശ്യമുണ്ട്. | * പ്രയോഗങ്ങൾ (തലങ്ങും വിലങ്ങും നിരനിരയായി) കണ്ടെത്തുന്നു. സ്വന്തം രചനകളിൽ പ്രയോഗിക്കുന്നു | * സമാനതകൾ ഉള്ള വരികൾ കൂട്ടിച്ചേർത്ത് കവിത വികസിപ്പിക്കുന്നു. ചൊല്ലുകയും എഴുതുകയും ചെയ്യുന്നു. |
| * വായനയിലൂടെ ഗ്രഹിച്ച കാര്യങ്ങൾ ക്രമീകരിച്ച് അവതരിപ്പിക്കുന്നത് ഒരു ഭാഷാപ്രയോഗശേഷിയാണ് | * വിശേഷണപദങ്ങൾ പ്രയോജനപ്പെടുത്തി ആശയപൂർണതയോടെ എഴുതുന്നു. | * സ്വായത്തമാക്കിയ പദങ്ങൾ ഉപയോഗിച്ച് ആശയപൂർണതയോടെ വാക്യങ്ങൾ, ലഘുവിവരണം എന്നിവ എഴുതുന്നു. |
| * വാക്കുകളെ ആശയപൂർണതയോടെ സംയോജിപ്പിച്ച് ഉണ്ടാകുന്നതാണ് വാക്യം. | | * ലഘുവിവരണങ്ങൾ വായിച്ച് ആശയം കണ്ടെത്തി പറയുന്നു.<br>* ഉച്ചാരണശുദ്ധിയോടെ വായിക്കുന്നു.<br>* സ്വന്തം ആശയങ്ങൾ ലഘുവാക്യങ്ങളിൽ എഴുതുന്നു. |

| ആശയങ്ങൾ, ധാരണകൾ | പ്രക്രിയ / പ്രവർത്തനങ്ങൾ | പഠനനേട്ടങ്ങൾ |
|---|---|---|
| * ശരിയായ ആശയവിനിമയത്തിന് ഭാഷയുടെ ലിഖിതരൂപത്തിൽ യുക്തമായ ചിഹ്നങ്ങൾ ചേർക്കേണ്ടതുണ്ട്.<br>* ആശയപ്രകടനത്തിന് ഉച്ചാരണശുദ്ധിയോടെയുള്ള ശ്രാവ്യവായന ആവശ്യമാണ്. | * പൂർണവിരാമം, ചോദ്യചിഹ്നം അങ്കുശം തുടങ്ങിയവ രചനകളിൽ ഉൾപ്പെടുത്തുന്നു. | * പൂർണവിരാമം(.) ചോദ്യചിഹ്നം(?) അങ്കുശം(,) എന്നീ ചിഹ്നങ്ങളുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് എഴുതുന്നു, വായിക്കുന്നു.<br>* അക്ഷരങ്ങളുടെ ശരിയായ ഉച്ചാരണം തിരിച്ചറിഞ്ഞ് ഉറക്കെ വായിക്കുന്നു.<br>* പദങ്ങളും വാക്യങ്ങളും പറയാനും എഴുതാനും കഴിയുന്നു. |
| * ഓരോ നാടിനും അതിന്റേതായ പ്രത്യേകതകളുണ്ട്. | * ചിത്രങ്ങൾ നിരീക്ഷിക്കുന്നു. വിവിധ തൊഴിലുകളെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കുന്നു. തരംതിരിക്കുന്നു. നിഗമനത്തിലെത്തുന്നു. | * സ്വന്തം പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ സവിശേഷതകൾ തിരിച്ചറിഞ്ഞു പറയുകയും എഴുതുകയും ചെയ്യുന്നു. |
| * ഓരോ നാട്ടിലും പലതരം കളികളുണ്ട്.<br>* നാട്ടിൽ പൊതു ഇടങ്ങളും പൊതു സ്ഥാപനങ്ങളുമുണ്ട്.<br>* ജനങ്ങളുടെ കൂട്ടായ്മയിലൂടെയാണ് നാടിന്റെ പുരോഗതി സാധ്യമാകുന്നത്. | * ചിത്രം നിരീക്ഷിക്കുന്നു. കളിവിവരണം വായിക്കുന്നു. തന്റെ നാട്ടിലെ കളികൾ പട്ടികപ്പെടുത്തുന്നു.<br>* പൊതുഇടങ്ങൾ അന്വേഷിച്ച് പട്ടികപ്പെടുത്തുന്നു. | * സ്വന്തം പ്രദേശത്തെ തൊഴിലുകൾ അന്വേഷിച്ച് പട്ടികപ്പെടുത്തുന്നു. നിഗമനം രൂപീകരിക്കുന്നു.<br>* നാട്ടിലെ കളികൾ, കളിരീതികൾ എന്നിവ മനസ്സിലാക്കുന്ന കളികളിൽ ഏർപ്പെടുന്നു. പൊതുഇടങ്ങൾ, സേവനങ്ങൾ കണ്ടെത്തി അവതരിപ്പിക്കുന്നു. |

| ആശയങ്ങൾ, ധാരണകൾ | പ്രക്രിയ/പ്രവർത്തനങ്ങൾ | പഠനനേട്ടങ്ങൾ |
|---|---|---|
| * പ്രകൃതിയുടെ സ്വാഭാവികമായ രൂപവിന്യാസം ഉൾക്കൊണ്ട് ചിത്രീകരിക്കുന്നു.<br>* വരികളുടെ ആശയം ഗ്രഹിച്ച് താളാത്മകമായി പാടൽ<br>* ടീച്ചറുടെ നിർദ്ദേശാനുസരണം കളികളിലേർപ്പെടുന്നു.<br>* തൊഴിലുകളുടെ വ്യത്യസ്തത തിരിച്ചറിയുന്നു.<br>* വിവിധ കൗതുകവസ്തുക്കളുടെ നിർമ്മാണം.<br>* നിറം നൽകൽ<br>* ചിത്രങ്ങൾ ഒട്ടിച്ചു ചേർക്കൽ<br>* വരച്ചു ചേർക്കൽ | * ചിത്രകല<br>* സംഗീതം<br>* കായികം<br>* നാടകം<br>* പ്രവൃത്തിപഠനം | * വാതിൽപ്പുറ ചിത്രീകരണം നടത്തുന്നു.<br>* ശബ്ദക്രമീകരണത്തോടെ പാടുന്നു<br>* പ്രാദേശികമായി പരിചയമുള്ള കളികൾ നിരീക്ഷിക്കുന്നു. കളികളിൽ ഏർപ്പെടുന്നു.<br>* വിവിധ തൊഴിലുകൾ, പ്രവൃത്തികൾ അനുകരിക്കുന്നു.<br>* ചുറ്റുപാടും ലഭിക്കുന്ന വസ്തുക്കൾ ഉപയോഗിച്ച് കൗതുകവസ്തുക്കൾ നിർമ്മിക്കുന്നു |

# അക്ഷരവിന്യാസ ചാർട്ട്

| ക്രമ നമ്പർ | അക്ഷരം | ആദ്യ പാഠത്തിലുള്ളവ | ദിവസം 1 | ദിവസം 2 | ദിവസം 3 | ദിവസം 4 | ദിവസം 5 | ദിവസം 6 | ദിവസം 7 | ദിവസം 8 |
|---|---|---|---|---|---|---|---|---|---|---|
| 1 | പ | ഫ്രെയിം - 1 | പുഴ<br>പാടുന്നു<br>പൂത്ത<br>പാടും | പാടുന്ന<br>പാടും | | പരന്നു | പച്ച | പുഴയുടെ<br>പീലി | | |
| 2 | ഴ | | പുഴ<br>ഒഴുകുന്ന | അഴകുള്ള | | | | മഴ<br>പുഴയുടെ | | |
| 3 | ഒ | | ഒഴുകുന്ന | ഒഴുകുന്ന | | | | | | |
| 4 | ക | | കളകളം | കാട്<br>ഒഴുകുന്ന | കാട്ടുചോല<br>കളകളം | കടൽ<br>കടലിൽ<br>തിരകൾ | കായൽ<br>കിടക്കുന്ന<br>മലകൾ | വയലുകൾ<br>കാറ്റ്<br>തലപ്പുകൾ<br>കോരിത്ത<br>രിച്ചു | കാണാൻ<br>കാറ്റിൽ<br>കേരം<br>കേരളനാട്<br>കേരമരതകം | |
| 5 | മ | | മലർ<br>മണം<br>മോടി<br>മലരണിക്കാട് | മലരണിക്കാട്<br>മോടി | മേട് | മണിമേട് | മലകൾ | മെല്ലെ | മലയാളം<br>മാമല<br>മഴ<br>മയിലാടും<br>മലനാട്<br>മരതകം | |
| 6 | ന്ന | | ഒഴുകുന്ന<br>പാടുന്ന | പാടുന്ന | | തുള്ളിക്കളി<br>ക്കുന്ന<br>തിളങ്ങുന്ന | കിടക്കുന്ന | വന്നു | ആടുന്ന<br>നിന്നാടും | |
| 7 | ല | | | മലർ<br>മലരണിഞ്ഞ<br>മലരണിക്കാട് | ചോല<br>കാട്ടുചോല | കടലിൽ<br>പോലെ | | മലകൾ<br>വലിയ<br>നീല | വയലുകൾ<br>തലപ്പുകൾ | |
| 8 | ണ്ണ | | | മലരണിഞ്ഞ<br>മലരണിക്കാട് | മണിമേട് | വെള്ളിയര<br>ഞ്ഞാണം | | കാണാൻ | | |
| 9 | ര | | | മലരണിഞ്ഞ | മലരണിക്കാട് | തെളിനീര് | പരന്നു | തിരകൾ<br>വെള്ളിയര<br>ഞ്ഞാണം | പരന്നു<br>വിരിച്ച | നേരം<br>നിരനിര<br>യായി<br>കേരം<br>മരതക<br>ത്തോപ്പ് |
| 10 | ള | | | കളകളം<br>പുഴകളും | തെളിനീര് | തിളങ്ങുന്ന | | കേരളം | | |
| 11 | ത്ത | | | പൂത്ത | | | കോരിത്ത<br>രിച്ചു | മരതക<br>ത്തോപ്പ് | | |
| 12 | ഞ്ഞ | | | മലരണിഞ്ഞ | | വെള്ളിയര<br>ഞ്ഞാണം | | | | |

| ക്രമ നമ്പർ | അക്ഷരം | ആദ്യ പാഠത്തിലുള്ളവ | ദിവസം 1 | ദിവസം 2 | ദിവസം 3 | ദിവസം 4 | ദിവസം 5 | ദിവസം 6 | ദിവസം 7 | ദിവസം 8 |
|---|---|---|---|---|---|---|---|---|---|---|
| 13 | ള്ള | | | മണമുള്ള മോടിയുള്ള | അഴകുള്ള തെളിനീരുള്ള | തുള്ളിക്കളിക്കുന്ന വെള്ളിയരഞ്ഞാണം | | | | |
| 14 | ർ | | | മലർ | | | | നിവർത്തി | | |
| 15 | ത | | | തോട് | തെളിനീര് | തുള്ളിക്കളിക്കുന്ന തിളങ്ങുന്ന | | തലപ്പുകൾ | തെങ്ങുകൾ തിങ്ങും മരതക തോപ്പ് | |
| 16 | ക്ക | | | മലരണിക്കാട് | | തുള്ളിക്കളിക്കുന്ന | കിടക്കുന്ന | | | |
| 17 | യ | | | | | വെള്ളിയരഞ്ഞാണം | കായൽ നീലമലയും | വയലുകൾ | പുഴയുടെ | |
| 18 | റ്റ | | | | | ചുറ്റും | കാറ്റിൽ | | | |
| 19 | ഗ | | | | | | | | | നഗരം |
| 20 | ങ്ങ | | | | | തിളങ്ങുന്ന | | | തെങ്ങുകൾ തിങ്ങും | |
| 21 | വ | | | | | വെള്ളിയരഞ്ഞാണം | വയലുകൾ | നിവർത്തി | | |
| 22 | ൾ | | | | | തിരകൾ | മലകൾ | വയലുകൾ തലപ്പുകൾ | മാമലകൾ തെങ്ങുകൾ | |
| 23 | ൽ | | | | | കടൽ കടലിൽ | കായൽ | | | |
| 24 | ഉ (ഉപചിഹ്നങ്ങൾ) | | പുഴ ഒഴുകുന്ന പാടുന്ന അഴകുള്ള കാട്ടുചോല | തുള്ളിക്കളിക്കുന്ന ചുറ്റും | | | | വയലുകൾ കാറ്റു വന്നു തലപ്പുകൾ | പുഴയുടെ തെങ്ങുകൾ | |
| 25 | ആ | | | പാടും പാടുന്ന കാട് പാടും | കാട്ടുചോല പാടുന്ന | | കായൽ | കാറ്റ് | മലയാളം കാണാൻ മാമലകൾ മയിലാടും കാറ്റിൻ | |
| 26 | ഊ | | പൂത്ത കൂടും | | | | | | | |
| 27 | ഇ | | | മലരണിഞ്ഞ മോടി | തെളിനീര് | കടലിൽ തിരകൾ വെള്ളി | കിടക്കുന്ന | നെല്ലിൻ കോരിത്തരിച്ചു | കാറ്റിൽ നിരനിരയായ് പീലി | |

| ക്രമ നമ്പർ | അക്ഷരം | ആദ്യ പാഠത്തിലുള്ളവ | ദിവസം 1 | ദിവസം 2 | ദിവസം 3 | ദിവസം 4 | ദിവസം 5 | ദിവസം 6 | ദിവസം 7 | ദിവസം 8 |
|---|---|---|---|---|---|---|---|---|---|---|
| | | | | | | തിളങ്ങുന്ന | | | നിവർത്തി നിന്നു | |
| 28 | ഓ | | | മോടി തോടും | ചോല കാട്ടുചോല | പോലെ | | കോരിത്തരിച്ചു | | |
| 29 | ഏ | | | മേട് നീളേ | | | | | കേരം നേരം കേരളനാട് | |
| 30 | ഈ | | | തെളിനീര് നീളേ | | | നീലമാല | | പീലി | |
| 31 | എ | | | | വെള്ളി പോലെ | | നെല്ലിൻ മെല്ലെ | | പുഴയുടെ തെങ്ങുകൾ | |
| 32 | ഒ | | | | | | | | കൊച്ചു | |
| 33 | പ്പ | | | | | | | തലപ്പുകൾ | മരതക തോപ്പ് | |
| 34 | ല്ല | | | | | | | നെല്ലിൻ | | |
| 35 | ച്ച | | | | | | | പച്ച വിരിച്ച കോരിത്തരിച്ചു | കൊച്ചു | |
| 36 | ൻ | | | | | | | നെല്ലിൻ | കാണാൻ | |
| 37 | യ്യ | | | | | | | | പെയ്യും | |
| 38 | ന | | | തെളിനീര് നീളെ | | | നീലമല | നെല്ലിൻ | നേരം നാട് നിരനിര നിവർത്തി നിന്നാടും | |
| 39 | ഡ | | | | | | | | | റോഡ് ഡ്രൈവർ |
| 40 | | | | | | | | | | വ ക |

പാഠത്തിന്റെ പേര് : എന്റെ കേരളം

തീയതി : 02/06/2023

പ്രതീക്ഷിക്കുന്ന സമയം : 2 മണിക്കൂർ

തീം : പുഴ, കാട്

## പഠനനേട്ടങ്ങൾ

* കണ്ടതോ കേട്ടതോ വായിച്ചതോ ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയുന്നു.
* ഉച്ചാരണശുദ്ധിയോടെ ഉച്ചത്തിൽ വായിക്കുന്നു.
* ആശയവ്യക്തതയോടെ അക്ഷരം പാലിച്ച് എഴുതുന്നു.
* കവിതകൾ ഈണം ഭാവം, താളം എന്നിവയോടെ ചൊല്ലുന്നു.

## ആശയങ്ങൾ

* ആശയങ്ങൾ ഉചിതമനുസരണം ഒഴുക്കോടെ ആവിഷ്കരിക്കാനുള്ള ഉപാധിയാണ് ഭാഷ.
* കവിതകൾ ഈണത്തിലും താളത്തിലും ചൊല്ലി അവതരിപ്പിക്കുന്നത് ആസ്വാദനത്തെ സഹായിക്കും.
* വാക്കുകളെ ആശയപൂർണതയോടെ സംയോജിപ്പിച്ച് ഉണ്ടാകുന്നതാണ് വാക്യം.
* ആശയപൂർണമായ വാക്യങ്ങൾ നിർമിക്കുന്നതിന് അനുയോജ്യമായ പദസംയോജനം ആവശ്യമുണ്ട്.

## ശേഷികൾ

ഭാഷണം, വായന, ലേഖനം

## പഠനസാമഗ്രികൾ

പേപ്പർ കട്ടിംഗ്സ്, പശ, സ്കെച്ച്, ക്രയോൺ, ചാർട്ട്, മാർക്കർ

## പ്രതീക്ഷിത ഉൽപ്പന്നം

സചിത്ര പാഠപുസ്തകം

പ്രക്രിയ പേജ്

* കുട്ടികളുമായി അനൗപചാരിക സംഭാഷണം
* ടീച്ചർ പുഴയെ കുറിച്ച് ഒരു പാട്ടു പാടുന്നു.

"കുന്നു പുഴേ കുഞ്ഞു പുഴേ
എവിടുന്നോടി വരുന്നു നീ"

എവിടുന്നാണ് പുഴ വരുന്നത്?

സ്വതന്ത്ര പ്രതികരണം : ബോർഡിൽ രേഖപ്പെടുത്തുന്നു

എവിടുന്നാണ് വരുന്നത് എന്നറിയണ്ടേ?

"അങ്ങകലെ മലയിൽ നിന്നും
ചാടിത്തുള്ളി വരുന്നു ഞാൻ"

ടീച്ചർ ഈണമിട്ട് താളമിട്ട് പാടുന്നു. കുട്ടികൾ കൂടെ ചേരുന്നു.

പുഴ ഒഴുകി ഒഴുകി നാട്ടിലേക്ക് വരുന്ന വഴിയിൽ പുഴക്ക് ഒരാഗ്രഹം ഒരു സെൽഫി എടുക്കണം. എന്റെ കൈയിൽ ആ ചിത്രം ഉണ്ട്. നിങ്ങൾക്ക് കാണണോ?

നമുക്ക് ഈ ചിത്രം പുസ്തകത്തിൽ ഒട്ടിച്ചാലോ? ടീച്ചർ ഒട്ടിക്കുന്നു. പിന്നീട് കുട്ടികൾക്ക് നീലക്കടലാസ് വെട്ടിയത് നൽകുന്നു. മുക്കിന്റെ ഇടതുവശത്ത് അൽപം താഴെയായി പുഴയുടെ ചിത്രം ഒട്ടിക്കാൻ നിർദേശം നൽകുന്നു.

ഒട്ടിച്ചതിനുശേഷം എന്താണ് എഴുതുക?

പുഴ

അധ്യാപിക പറഞ്ഞുകൊണ്ട് ചാർട്ടിൽ എഴുതുന്നു. കുട്ടികൾ പറഞ്ഞു കൊണ്ട് അകലം പാലിച്ച് ബുക്കിൽ എഴുതുന്നു.

പുഴ എന്താണ് ചെയ്യുന്നത്?

ഒഴുകുന്നു.

ഒഴുകുന്ന് പുഴയോട് ചേർന്നു പറഞ്ഞാലോ

ഒഴുകുന്ന പുഴ

പ്രക്രിയ പേജ്

എങ്ങനെയാണ് പുഴ ഒഴുകുകയാണ് എന്ന് മനസിലായത്?

കണ്ടിട്ട്

കാണാതിരുന്നാൽ നമ്മൾ എങ്ങനെയാണ് പുഴയെ അറിയുന്നത്?

കേട്ടിട്ട്

ഒന്നു കേട്ട് നോക്കിയാലോ?

എല്ലാവരും ഒന്ന് കണ്ണടച്ചേ...

ICT പുഴ ഒഴുകുന്ന ശബ്ദം കേൾപ്പിക്കുന്നു.

പുഴ പാടുകയാണോ പറയുകയാണോ?

പാടുകയാണ്.

എങ്കിൽ പാടുന്ന ചേർത്ത് പുഴയെ എങ്ങനെ പറയാം?

പാടുന്ന പുഴ

എങ്ങനെയാണ് പുഴ പാടുന്നത്?

കളകളം പാടുന്നു

പുഴയെ വിശേഷണം ചേർത്ത് പറയൂ

കളകളം പാടുന്ന പുഴ

എങ്ങനെയാണ് പുഴ ഒഴുകുന്നത്?

കളകളം പാടി ഒഴുകുന്ന പുഴ

കുട്ടികൾ നോട്ടുബുക്കിൽ താഴെ താഴെയായി എഴുതി പൂർത്തിയാക്കിയതിനു ശേഷം വായന.

ഒറ്റയ്ക്കുവായന


തൊട്ടുവായന

ചങ്ങല വായന

വാക്കുകൾ കണ്ടെത്തിവായന

എല്ലാവർക്കും പിന്തുണ നൽകികൊണ്ട് ടീച്ചർ പ്രവർത്തിക്കണം.

വിലയിരുത്തൽ



പാടും പുഴകളും
തോടും-മോടി
കൂടും മലരണിക്കാടും.

പുഴ
ഒഴുകുന്ന പുഴ
പാടുന്ന പുഴ
കളകളം പാടുന്ന പുഴ
കളകളം പാടി ഒഴുകുന്ന പുഴ

| പ്രക്രിയ | വിലയിരുത്തൽ |
| --- | --- |
| പുഴ നാട്ടിലേക്ക് ഒഴുകി വരുന്നതിനിടയിൽ എന്തെല്ലാം കാഴ്ചകൾ കണ്ടിട്ടുണ്ടാകും? സ്വതന്ത്ര പ്രതികരണം.<br>നമുക്ക് ഒരു കാട് ഉണ്ടാക്കിയാലോ?<br>ഇലകൾ വെട്ടിയത് ടീച്ചർ നൽകുന്നു.<br>കുട്ടികൾ ചാർട്ടിൽ ഒട്ടിക്കുന്നു. വലതുവശത്ത് കാട് എന്നെഴുതുന്നു.<br>കാട് മനോഹരമാക്കാൻ തടി വരച്ച് ചേർക്കുന്നു. നിറം നൽകുന്നു. പൂക്കൾ നൽകുന്നു. ഒട്ടിച്ചു ചേർക്കുന്നു.<br>കാടു നിറയെ എന്താണ്? പൂക്കൾ<br>പൂക്കൾ നിറഞ്ഞ കാട് – പൂത്ത കാട്<br>ഏതെല്ലാം നിറത്തിലുള്ള പൂക്കൾ ഉണ്ട് കാട്ടിൽ<br>ചുവപ്പ്, വയലറ്റ്, വെള്ള.....<br>പുഴ വിശേഷണം ചേർത്ത് പറഞ്ഞതുപോലെ കാടിനെ വിശേഷണം ചേർത്ത് പറയൂ.<br>മലർ വിരിഞ്ഞ കാട്<br>മലരണിഞ്ഞ കാട്<br>നിറയെ മലരണിഞ്ഞപ്പ് കാണാൻ നല്ല മോടിയുണ്ട്. എന്ത് പറഞ്ഞാലോ?<br>മോടിയുള്ള കാട്<br>ഇപ്പോൾ പൂക്കളെല്ലാം വിരിഞ്ഞു നല്ല മണം<br>മലർമണം<br>മലർമണമുള്ള കാട്<br>ഓരോ വാക്കും അധ്യാപിക വ്യക്തമായി എഴുതുന്നു.<br>കുട്ടികൾ നോട്ട്ബുക്കിൽ വ്യക്തമായി എഴുതുന്നു. | |

കാട്
പൂത്ത കാട്
മലരണിഞ്ഞ കാട്
മോടിയുള്ള കാട്
മലർമണമുള്ള കാട്

പാടുന്ന പുഴയുണ്ട്
ഒഴുകുന്ന പുഴയുണ്ട്
കളകളം പാടുന്ന പുഴയുണ്ട്
മലർ വിരിഞ്ഞ കാടുണ്ട്
മലരണിഞ്ഞ കാടുണ്ട്
മോടിയുള്ള മലരണിക്കാടുണ്ട്.

അതിന്റെ തുടർച്ചയായി

പാടും പുഴകളും തോടും - മോടി
കൂടും മലരണിക്കാടും.

ഈ വരികൾ പാടിക്കൊണ്ട് ടീച്ചർ ചിത്രത്തിനു താഴെയായി എഴുതുന്നു. കുട്ടികളും ഇതുപോലെ എഴുതുന്നു. വായിക്കുന്നു.

എല്ലാവരും ചേർന്നു പാടുന്നു.



നീളേ കുളുകുളും പാടി - കാട്ടു-
ചോലയുമാമണിമേടും.

പാഠത്തിന്റെ പേര് : എന്റെ കേരളം

തീയതി :

പ്രതീക്ഷിത സമയം : 1½ മണിക്കൂർ

തീം : ചോലയും മലയും

പഠനനേട്ടങ്ങൾ

ഉച്ചാരണ ശുദ്ധിയോടെ വായിക്കുന്നു.

അകലം പാലിച്ച് എഴുതുന്നു.


പഠനസാമഗ്രികൾ

സ്കെച്ച്, പശ, കളേഴ്സ് പേപ്പർ(ചിത്രങ്ങൾ)

പ്രതീക്ഷിതഉൽപന്നം : സചിത്ര പാഠപുസ്തകം

| പ്രക്രിയ | വിലയിരുത്തൽ |
| --- | --- |
| അധ്യാപിക കുട്ടികൾക്ക് (ചോലയും മലയും) ചിത്രം നൽകുന്നു. കുട്ടികൾ ബുക്കിൽ ഒട്ടിക്കുന്നു. നിറം നൽകുന്നു. വെള്ളത്തിന് നീല നിറം നൽകുന്നു. മലകൾക്കിടയിലൂടെ ഒഴുകി വരുന്ന ചോല കണ്ടില്ലേ? ചോല<br>ചോല എവിടെ നിന്നാണ് വരുന്നത്? മലയിൽ നിന്ന്<br>മലയിൽ നിന്ന് കാട്ടിലൂടെ ഒഴുകിവരുന്ന കാട്ടുചോല<br>കാട്ടുചോല എങ്ങനെയുള്ളതാണ്? തെളിനീരുള്ള കാട്ടുചോല<br>പുഴ പാടുന്ന പോലെ ചോലയും പാടുന്നില്ലേ?<br>കുളുകുളും പാടുന്ന കാട്ടുചോല<br>ചിത്രത്തിലെ കുന്നുകൾക്ക് നിറം നൽകുന്നു. മേട് എന്ന പദം പരിചയപ്പെടുത്തുന്നു. നിറം നൽകിയപ്പോൾ മേട് നല്ല അഴകുള്ളതായി അല്ലേ? അഴകുള്ള മേട് മണിമേട് | |

ചോല
കാട്ടു ചോല
തെളിനീരുള്ള കാട്ടുചോല
പാടുന്ന കാട്ടുചോല
കുളുകുളും പാടുന്ന കാട്ടുചോല
മേട്
അഴകുള്ള മേട്
മണിമേട്



വെള്ളിയരഞ്ഞാണുപോലെ - ചുറ്റും
തുള്ളിക്കളിക്കും കടലും.

പാഠത്തിന്റെ പേര് : എന്റെ കേരളം

തീയതി :

പ്രതീക്ഷിത സമയം : 1/2 മണിക്കൂർ

തീം : കടൽ

പഠനനേട്ടങ്ങൾ

ഉച്ചാരണശുദ്ധിയോടെ വായിക്കുന്നു.

അകലം പാലിച്ച് വ്യക്തതയോടെ വടിവൊത്ത് എഴുതുന്നു.

പഠനസാമഗ്രികൾ : ചോക്ക്, പശ, പേപ്പർ (കടലിന്റെ ചിത്രം)

പ്രതീക്ഷിത ഉൽപ്പന്നം : സചിത്ര പാഠപുസ്തകം

| പ്രവർത്തന പ്രക്രിയ | വിലയിരുത്തൽ |
| --- | --- |
| അധ്യാപിക കടലിന്റെ ചിത്രം കുട്ടികൾക്ക് നൽകുന്നു.<br>ചിത്രത്തിൽ കാണുന്നതെന്താണ്? (കടൽ)<br>കടലിന്റെ വീഡിയോ കാണിക്കുന്നു. തിരകൾ കുട്ടിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.<br>(കടലിൽ തിരകൾ)<br>തിരകളുടെ ചലനം എങ്ങനെ? തിര ഒരു കുട്ടിയാണെന്ന് വിചാരിക്കൂ. എങ്കിൽ ആ കുട്ടി എന്തു ചെയ്യുന്നുവെന്നാണ് നാം പറയുക.<br>(തുള്ളിക്കളിക്കുന്ന തിരകൾ)<br>തിരകൾക്കു നല്ല തിളക്കമുണ്ട്. അല്ലേ?<br>വേറെ എന്തൊക്കെ തിളങ്ങുന്നുണ്ട്?<br>സ്വതന്ത്ര പ്രതികരണം : സ്വർണം, വെള്ളി .....<br>കടൽത്തിരകൾ തിളങ്ങുന്നത് വെള്ളിപോലെയാണ്.<br>(വെള്ളിപോലെ തിളങ്ങുന്ന തിരകൾ<br>വെള്ളിയരഞ്ഞാണു പോലെ ~~[illegible]~~ കടൽ)<br>വായന<br>കടൽ<br>കടലിൽ തിരകൾ<br>തുള്ളിക്കളിക്കുന്ന തിരകൾ<br>വെള്ളിപോലെ തിളങ്ങുന്ന തിരകൾ<br>വെള്ളിയരഞ്ഞാണുപോലെ കടൽ | |



# കായലും നീലമലയും - നീളേ

പാഠത്തിന്റെ പേര് : എന്റെ കേരളം
തീയതി :
പ്രതീക്ഷിത സമയം : 1/2 മണിക്കൂർ
തീം : കായൽ, മലകൾ

പഠനനേട്ടങ്ങൾ
* കണ്ടതോ കേട്ടതോ വായിച്ചതോ ആയ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ അവതരിപ്പിക്കുന്നു.
* ഉച്ചാരണശുദ്ധിയോടെ വായിക്കുന്നു
* അക്ഷരവടിവോടെ എഴുതുന്നു.

പഠനസാമഗ്രികൾ : ചിത്രം (കായൽ), പശ, സ്കെച്ച്, ക്രയോൺ
പ്രതീക്ഷിതഉൽപന്നം : ബിഗ്പാഠപുസ്തകം.

| പ്രക്രിയ പേജ് | വിലയിരുത്തൽ |
| --- | --- |
| വെള്ളമുള്ള എന്തൊക്കെ കാര്യങ്ങൾ ആണ് നാം ഇതുവരെ പറഞ്ഞത്?<br>പുഴ, തോട്, കടൽ<br>വെള്ളമുള്ള വേറെ എന്തൊക്കെയുണ്ട്?<br>സ്വതന്ത്ര പ്രതികരണം :<br>കായൽ കണ്ടിട്ടുണ്ടോ?<br>നമുക്ക് ഒരു കായൽ ബുക്കിലേക്ക് കൊണ്ടുവന്നാലോ?<br>ചിത്രം നൽകുന്നു. കുട്ടികൾ ഒട്ടിക്കുന്നു.<br>(കായൽ)<br>കായൽ ചെറുതോ വലുതോ ?<br>(വലിയ കായൽ)<br>പരന്നു കിടക്കുന്ന കായൽ. കായലിനപ്പുറം ദൂരെ കാണുന്നതെന്താണ്? (മലകൾ)<br>എന്ത് നിറമാണ് മലകൾക്ക്? നീല നിറം<br>(നീല മലകൾ)<br>കായൽ, നീലമലകൾ ചേർത്ത് പറയാമോ?<br>(കായലും നീലമലയും)<br>വായന<br>കായൽ<br>വലിയ കായൽ<br>ചെറിയ കായൽ<br>മലകൾ<br>നീല മലകൾ<br>കായലും നീലമലയും | |



# കോരിത്തരിക്കും വയലും

പാഠത്തിന്റെ പേര് : എന്റെ കേരളം

തീയതി :

പ്രതീക്ഷിത സമയം : ½ മണിക്കൂർ

തീം : വയൽ

പഠനനേട്ടങ്ങൾ :

* ഉച്ചാരണശുദ്ധിയോടെ വായിക്കുന്നു
* കണ്ടതോ കേട്ടതോ വായിച്ചതോ ആയ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ അവതരിപ്പിക്കുന്നു.
* അക്ഷരവടിവോടെ എഴുതുന്നു.

പഠനസാമഗ്രികൾ : വയൽ ചിത്രം, വശം, സ്കെച്ച്, ക്രയോൺ

പ്രതീക്ഷിത ഉൽപ്പന്നം: ചിത്ര പാഠപുസ്തകം

| പ്രക്രിയ പേജ് | വിലയിരുത്തൽ |
|---|---|
| നമ്മളെന്തൊക്കെ കാഴ്ചകൾ കണ്ടു? അധ്യാപിക ചോദിക്കുന്നു.<br>പുഴ കണ്ടു, പാടുന്ന പുഴ, കടലു കണ്ടു, തുള്ളിക്കളിക്കുന്ന കടൽ, കായൽ കണ്ടു, പരന്നുകിടക്കുന്ന കായൽ, വേറെ എന്തൊക്കെ കാഴ്ചകളുണ്ട്?<br>വയൽ ചിത്രം കാണിക്കുന്നു. ചിത്രം നോട്ട്ബുക്കിൽ ഒട്ടിക്കുന്നു. ചിത്രത്തിൽ എന്താണ് കാണുന്നത്?<br>(വയൽ)<br>നിറം എന്താണ്? (പച്ച വിരിച്ച വയൽ)<br>വയലിന്റെ വീഡിയോ കാണിക്കുന്നു.<br>നെല്ലോലകൾ ആടിയത് എപ്പോഴാണ്? കാറ്റ് വന്നപ്പോൾ<br>കാറ്റ് വന്നു<br>നെല്ലോലകൾ കാറ്റിൽ ആടി<br>കാറ്റ് വന്ന് തലോടിയപ്പോൾ നെല്ലോലകൾക്ക് സന്തോഷമായോ?<br>വയലുകൾ കോരിത്തരിച്ചു.<br>വായന<br>വയൽ<br>പച്ച വിരിച്ച വയൽ<br>കാറ്റു വന്നു<br>നെല്ലോലകൾ കാറ്റിൽ ആടി<br>വയലുകൾ കോരിത്തരിച്ചു. | |



**പീലി നിവർത്തിനിന്നാടും – കൊച്ചു കേരമരതകത്തോപ്പും**

പാഠത്തിന്റെ പേര് : എന്റെ കേരളം

തീയതി :

പ്രതീക്ഷിത സമയം : ½ മണിക്കൂർ

തീം : തെങ്ങിൻ തോപ്പ്

പഠനനേട്ടങ്ങൾ

* കണ്ടതോ കേട്ടതോ വായിച്ചതോ ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ അവതരിപ്പിക്കുന്നു.
* ഉച്ചാരണ ശുദ്ധിയോടെ വായിക്കുന്നു
* അക്ഷരവടിവോടെ എഴുതുന്നു.

പഠനസാമഗ്രികൾ

തെങ്ങുകൾ (ചിത്രം), സ്കിറ്റ്, ഉപ്പ

പ്രതീക്ഷിത ഉൽപന്നം

സചിത്രപാഠപുസ്തകം

| പ്രക്രിയ ശേഷി | വിലയിരുത്തൽ |
|---|---|
| പുഴ ഒഴുകിയൊഴുകി വയലിനക്കരെ എത്തി. അവിടെയുള്ള മനോഹരമായ കാഴ്ചകൾ കണ്ട് പുഴക്ക് സന്തോഷമായി.<br>എന്തായിരിക്കും പുഴ കണ്ട കാഴ്ചകൾ?<br>പ്രതികരണം പ്രതീക്ഷിക്കുന്നു.<br>എന്താണെന്നറിയാമോ?<br>ചിത്രം നൽകുന്നു. കുട്ടികൾ ബുക്കിൽ ഒട്ടിക്കുന്നു.<br>നിരനിരയായി നിൽക്കുന്ന തെങ്ങുകൾ<br>എന്താണ് പുഴ കണ്ട കാഴ്ച?<br>തെങ്ങുകൾ<br>തെങ്ങുകൾ എങ്ങനെയാണ് കാണുന്നത്?<br>നിരയായി<br>ഒരു നിരയേയുള്ളോ?<br>നിര നിരയായി | |

തെങ്ങിനെ വിശേഷണം ചേർത്ത് പറയാമോ

നിര നിരയായി നിൽക്കുന്ന തെങ്ങുകൾ

കാറ്റു വരുമ്പോൾ തെങ്ങോലകൾ എന്തു ചെയ്യും?

ആടും.

കാറ്റിലാടുന്ന തെങ്ങോലകൾ

തെങ്ങോലകൾ കാറ്റിലാടുന്നത് കണ്ടിട്ടുണ്ടോ?

വീഡിയോ പ്രദർശിപ്പിക്കുന്നു.

കണ്ടില്ലേ?

എന്തു മനോഹരമാണ്.

ഇതു കാണുമ്പോൾ സന്തോഷം കൊണ്ട്

നൃത്തം ചെയ്യുന്നതുപോലെയുണ്ടല്ലേ.

അങ്ങനെ നൃത്തം ചെയ്യുന്ന പക്ഷിയേതുണ്ട്?

പ്രതികരണം : മയിൽ

മയിൽ എങ്ങനെയാണ് നൃത്തം ചെയ്യുന്നത്?

പ്രതികരണം. (പീലി വിടർത്തി)

അത് പോലെയാണ് തെങ്ങോലകളും

പീലി വിടർത്തിയാണ് ആടുന്നത്.

പീലിവിടർത്തിയാടുന്ന തെങ്ങോലകൾ

'പീലി നിവർത്തി നിന്നാടും കൈച്ചു-

കേര മരക്കൈത്തൊങ്ങും'

ഈ വരികൾ ചിത്രത്തിനു താഴെ

എഴുതുന്നു.

വായന

തെങ്ങുകൾ

നിര നിരയായി നിൽക്കുന്ന തെങ്ങുകൾ

കാറ്റിലാടുന്ന തെങ്ങോലകൾ

പീലിവിടർത്തിയാടുന്ന തെങ്ങോലകൾ

കേരം തിങ്ങും കേരള നാട്

മാമല നാട് മലനാട്

കേര നിരകളാടും ഒരു ഹരിത ചാരു തീരം

പുഴയോരം തെളിവിൽ കാക്കും . . . .

തുടങ്ങിയ വരികൾ പരിചയപ്പെടുന്നു.



നീളേ കുളിർതെങ്ങ് തിങ്ങി - എന്റെ
കേരളമെന്തൊരു ഭംഗി